പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 186 27-06-2011 -ൽ ഇടക്കാല മറുപടി നൽകിയിരുന്നത്.

## കള്ള് ഷാപ്പുകളുടെ റേഞ്ച് അടിസ്ഥാനത്തിലുള്ള ലേലം

| ചോദ്യം: | | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. കെ. ബാബു (എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) | കള്ള് ഷാപ്പുകളുടെ റേഞ്ച് അടിസ്ഥാനത്തിലുള്ള ലേലം മുൻ സർക്കാരിന്റെ കാലത്ത് അവസാനിപ്പിച്ചിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | കള്ളുഷാപ്പുകളുടെ റേഞ്ചടിസ്ഥാനത്തിലുള്ള ലേലം, 2001-02 വർഷം മുതൽ നിർത്തലാക്കുകയും, ടി വർഷം ഷാപ്പുകൾ തൊഴിലാളി സഹകരണ സംഘങ്ങളെ ഏൽപ്പിക്കുകയും ചെയ്യിരുന്നു. 2002-03 മുതൽ നിശ്ചിത തുക ഫീസായി ഈടാക്കി, ഗ്രൂപ്പടിസ്ഥാനത്തിൽ ഷാപ്പുകൾ പരസ്യ വിൽപ്പന നടത്തിയിട്ടുണ്ട്. കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും, എറണാകുളം ജില്ലയിലെ മാമല, പിറവം, പെരുമ്പാവൂർ എന്നീ റേഞ്ചുകളിലും തൊഴിലാളി സഹകരണ സംഘങ്ങൾക്ക് കള്ള് ഷാപ്പുകൾ ഏൽപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത തീരുമാനമെടുക്കാനുണ്ടായ സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | റേഞ്ചടിസ്ഥാനത്തിലുള്ള ഷാപ്പു വിൽപന, വൻകിട അബ്കാരികൾക്കും, ബിനാമികൾക്കും മാത്രം ഗുണകരമാകുമെന്നതിനാലും, ഗോഡൗണുകൾ കേന്ദ്രീകരിച്ച് വ്യാജ കള്ളുൽപാദനവും, വിതരണവും നടക്കുമെന്നതിനാലും ഈ പ്രവണത തടയുന്നതിനാണ് ഗ്രൂപ്പടിസ്ഥാനത്തിൽ കള്ള് ഷാപ്പ് വിൽപന നടത്തുവാൻ തീരുമാനമെടുത്തിട്ടുള്ളത്. |
| (സി) | മദ്യ നിരോധനത്തെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച ഉദയഭാനു കമ്മീഷൻ ശുപാർശകളിൽ എന്തൊക്കെയാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ; | (സി) | ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | കള്ള് ഷാപ്പുകളുടെ റേഞ്ച് അടിസ്ഥാനത്തിലുള്ള ലേലം പുന:സ്ഥാ പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) | ഇല്ല |
| (ഇ) | എങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ? | (ഇ) | 'ബി' പിരിവിനുള്ള ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ. |

സെക്ഷൻ ഓഫീസർ

അനുബന്ധം
ലൈബ്രറിയിൽ
ലഭ്യമാണ്